# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 396

20.07.2015-ൽ
മറുപടിയ്ക്ക്

**ബാദ്ധ്യതാ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിലെ കാലതാമസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബഹനാൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ജോസഫ് വാഴയ്ക്കൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ബാദ്ധ്യതാ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ തയ്യാറാക്കി നൽകുന്നതിന്റെ ഭാഗമായി 1990 മുതലുള്ള ആധാരവിവരങ്ങൾ സംസ്ഥാന ത്തൊട്ടാകെയുള്ള എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും കമ്പ്യൂട്ടറൈസ് ചെയ്യുകയുണ്ടായി. 1980 മുതൽ 1989 വരെയുള്ള ഡേറ്റകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ തയ്യാറാക്കി അപേക്ഷാകക്ഷികൾക്ക് നൽകുക എന്നുള്ളതാണ് പ്രധാന ഉദ്ദേശ്യം. 1980 മുതൽ 1989 വരെയുള്ള ഡേറ്റാ എൻട്രി കൂടി പൂർത്തിയാകുന്ന മുറയ്ക്ക് 30 വർഷത്തെ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്നതിന്റെ അടുത്ത ദിവസം തന്നെ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; | (സി) കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമേറ്റിക്സ് സെന്ററാണ് ഇതുമായി ബന്ധപ്പെട്ടുള്ള സോഫ്റ്റ് വെയർ വികസിപ്പിച്ചിരിക്കുന്നത്. |

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1990 മുതലുള്ള ആധാര വിവരങ്ങൾ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. 1980 മുതൽ 1989 വരെയുള്ള ആധാര വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ